ജൈവ കൃഷിക്ക് പ്രോത്സാഹനം

*22 [338] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വ്യാപകമായിക്കൊണ്ടിരിരിക്കുന്ന ജൈവകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) കേരളത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിവകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കുരുമുളക് വികസനപദ്ധതിപ്രകാരം ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നതിന് വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ 1500 ഹെക്ടർ സ്ഥലത്ത് 78.10 ലക്ഷം രൂപാ ചിലവഴിക്കുന്നതിന് ഇക്കൊല്ലം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 100 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനു നടപ്പു സാമ്പത്തിക വർഷം 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിന് 5.50 ലക്ഷം രൂപയും നെല്ലിലെ പൊക്കാളി കൃഷി പൂർണ്ണമായും ജൈവകൃഷി രീതിയിൽ നടപ്പിലാക്കുന്നതിനായി 24 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇക്കൊല്ലം പുതിയ ഒരു പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. ഇതിനായി 100 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ ജില്ലകളിലും 'ഇക്കോ ഷോപ്പുകൾ' തുടങ്ങുന്നതിനും, ജൈവവള യൂണിറ്റുകൾ നിർമ്മിക്കുന്നതിനു ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും, ജൈവ കൃഷിയിലൂടെ വാനില, ഇഞ്ചി, മഞ്ഞൾ, ശീതകാലപച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതികളുടെ പ്രയോജനം കുടുംബശ്രീ യൂണിറ്റുകൾക്കും ലഭിക്കുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ഒരു 'ഓർഗാനിക് ഫാമിംഗ് സെൽ' രൂപീകരിക്കുകയും വയനാട് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly